ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി വിവിധ ഘട്ടങ്ങളായി നടത്തുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഒന്നാംഘട്ടം 14 ജില്ലകളിലും പൂർത്തിയായി കഴിഞ്ഞു. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ വിവിധ തലത്തിലുള്ള അന്വേഷണം നടത്തി. 2,43,928 കുടുംബങ്ങൾ അർഹരായ ഭൂരഹിത കുടുംബങ്ങളായി കണ്ടെത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഗുണഭോക്താക്കളിൽ നാളിതുവരെ 43,437 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചുകഴിഞ്ഞു.

(സി) പദ്ധതിയുടെ ഉദ്ഘാടന ഘടത്തിൽ വിതരണം ചെയ്ത പട്ടയങ്ങളിൽ കോടതി കേസുകൾ മുഖേനയോ മറ്റ് തർക്കങ്ങൾ മുഖേനയോ ചില ജില്ലകളിൽ ഭൂമി കൈമാറുന്നതിന് സാങ്കേതികമായി തടസ്സങ്ങൾ ഉണ്ടായവ ഒഴിച്ചുള്ള കേസുകളിൽ ഭൂമി കൈമാറിയിട്ടുണ്ട്.

(ഡി) ഗുണഭോക്താക്കൾക്ക് സ്വന്തം വില്ലേജിൽ തന്നെയുള്ള ഭൂമിയാണ് പദ്ധതി പ്രകാരം ഇതുവരെ അനുവദിച്ചത്.

(ഇ) നിയമവിരുദ്ധമായി കയ്യടക്കി വച്ചിട്ടുള്ള സർക്കാർ ഭൂമികൾ ശ്രദ്ധയിൽ പെടുന്നമുറയ്ക്ക് തിരിച്ചെടുക്കാനും പദ്ധതിക്കായി വിനിയോഗിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(എഫ്) പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടി നാളിതുവരെ 7,81,40,091 രൂപ ചെലവഴിച്ചിട്ടുണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഭൂമി വിലയ്ക്കു വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടില്ല.

ഭൂരഹിതർക്ക് ഭൂമി നൽകുവാനുള്ള നടപടികൾ

197 (1279) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കൈവശം ഇപ്പോൾ എത്ര ഹെക്ടർ ഭൂമിയാണുള്ളത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം 2012 ആഗസ്റ്റ് 15 വരെയുള്ള ഭൂമിയില്ലാത്തവരുടെയും ഭൂമിക്ക് അർഹതയുള്ളവരുടെയും കണക്ക് വില്ലേജ് ആഫീസുകൾ വഴി ശേഖരിച്ചതു പ്രകാരം ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്രകാരം എത്ര പേർക്ക് നാളിതുവരെ ഭൂമി നൽകുകയുണ്ടായി; വിശദമാക്കുമോ;

(ഡി) ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുവാൻ ആരൊക്കെ മുന്നോട്ട് വന്നിട്ടുണ്ട്; അവർ ആരെല്ലാമെന്നും എത്ര സെന്റ് ഭൂമി നൽകിയെന്നും വ്യക്തമാക്കുമോ; ഇതിൽ റവന്യൂ വകുപ്പുമന്ത്രി ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) സർക്കാരാവശ്യത്തിനായി മാറ്റി വച്ചിട്ടുള്ള ഭൂമി, പദ്ധതികളുടെ ആവശ്യത്തിന് ഏറ്റെടുക്കുകയും നിലവിൽ ഉപയോഗിക്കാത്തതുമായ ഭൂമി, പുറമ്പോക്ക് ഭൂമി എന്നിവ അളന്നു തിട്ടപ്പെടുത്തി നിയമത്തിൽ കാലോചിതമായ മാറ്റം വരുത്തി ഭൂമിയില്ലാത്ത മുഴുവൻ പേർക്കും ഭൂമി നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തെന്നാം വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ കൈവശമുള്ള ഭൂമിയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം വീട് വയ്ക്കാൻ അനുയോജ്യമായതും പതിവിന് വിധേയമായതുമായ സർക്കാർ ഭൂമികളാണ് പ്രസ്തുത പദ്ധതിക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നത്. ജില്ലാതലത്തിലുള്ള നടപടി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതിക്കായി ലഭ്യമാക്കാവുന്ന സർക്കാർ ഭൂമിയുടെ വിവരം കൃത്യമായി തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളുവെന്ന് കാണുന്നു.

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ലഭ്യമായ അപേക്ഷകളിൽ നിന്ന് 2,43,928 ഭൂരഹിത കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നു ജില്ല തിരിച്ചുള്ള എണ്ണം താഴെ ചേർക്കുന്നു:

ജില്ല	എണ്ണം
(1)	(2)
തിരുവനന്തപുരം	35,851
കൊല്ലം	28,591
പത്തനംതിട്ട	6,807
ആലപ്പുഴ	14,163
കോട്ടയം	10,388

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
ഇടുക്കി	7,970
എറണാകുളം	31,379
തൃശ്ശൂർ	26,776
പാലക്കാട്	23,874
മലപ്പുറം	23,962
കോഴിക്കോട്	8,304
വയനാട്	4,546
കണ്ണൂർ	11,099
കാസർഗോഡ്	10,218
ആകെ	2,43,928

(സി) ഗുണഭോക്താക്കളുടെ പട്ടികയിൽനിന്നും നാളിതുവരെ 43,437 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്.

(ഡി) പദ്ധതിക്കായി സൗജന്യമായി ഭൂമി വിട്ടുതന്നിട്ടുള്ളവരുടെ പേര് വിവരം താഴെ ചേർക്കുന്നു:

തൃശ്ശൂർ ജില്ല :

1. ശ്രീമതി ബിന്ദു, W/o. ഗീവർ, അറക്കൽ മറോക്കി ഹൗസ്, താണിക്കുടം — 1.21 ആർ
2. ശ്രീ. പി. സി. തോമസ്, നിതമറ്റത്തിൽ, പുല്ലംമ്പിൽ വീട് — 40.48 ആർ
3. ശ്രീ. ജലീൽ, ബൈസ്സ് വില്ല, മുണ്ടംപാലം — 20.24 ആർ
4. ശ്രീ. ആമീർ, കാവുക്കാട്ടുഞ്ഞാലിൽ — 9.31 ആർ

LIBRARY ARCHIVES Kerala Legislative Assembly

5. ശ്രീ. നിസാം, S/o. മുഹമ്മദാലി, എള്ളപറമ്പിൽ 4.85 ആർ

6. ശ്രീ. ജോസ്, S/o. ദേവസ്സികുട്ടി, പെമ്പകശ്ശേരി 2.42 ആർ ഹൗസ്

7. ശ്രീമതി ടെസ്സി, W/o. കുഞ്ഞമ്മു, പുഴങ്കരയിലുത്ത് 1.21 ആർ

കണ്ണൂർ ജില്ല :

8. ശ്രീമതി നസീമാ വി.പി., വില്ലേജ് ഓഫീസർ, 1.21 ആർ മൊകേരി, തലശ്ശേരി താലൂക്ക്

9. ശ്രീ. പുഇശ്ശേരി മഹീന്ദ്രൻ, മാനന്തേരി കീർത്തനം 2.42 ആർ വീട്, തലശ്ശേരി താലൂക്ക്

പത്തനംതിട്ട ജില്ല :

10. ശ്രീ. എബ്രഹാം വർഗ്ഗീസ്, കണ്ണംമല വീട്, കല്ലപ്പാറ, 11.98 ആർ മല്ലപ്പള്ളി താലൂക്ക്

വയനാട് ജില്ല :

11. ശ്രീ. സഫീം, ഷെമീന ദമ്പതിമാർ, കതീര കളമ്പിൽ, 43.00 ആർ ഇരുളം വില്ലേജ്, സുൽത്താൻ ബത്തേരി താലൂക്ക്

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂകമ്പമാപിനികളുടെ ശൃംഖല

198 (1280) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂകമ്പങ്ങൾ നിരീക്ഷിക്കുന്നതിന് ഭൂകമ്പമാപിനികളുടെ ശൃംഖല സ്ഥാപിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly